**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1426** **11-09-2023 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ ടൂറിസം മേഖലയിലെ പശ്ചാത്തല വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | വർക്കലയുടെ സമഗ്ര ടൂറിസം വികസനം ലക്ഷ്യം വച്ചുകൊണ്ട് നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നു. വർക്കല പാപനാശം ബീച്ചിന്റെ അടിസ്ഥാന സൗകര്യങ്ങൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കുന്നതിന് 97,78,000/- രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വർക്കല പാപനാശം ടൂറിസം കേന്ദ്രം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്കായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ടോയ്‌ലറ്റ് കോംപ്ലക്സിന്റെ നിർമ്മാണവും വർക്കല ഗസ്റ്റ് ഹൗസിൽ പുതിയ കോട്ടേജുകളുടെ നിർമ്മാണവും നിലവിലുള്ളവയുടെ നവീകരണവും നടന്നുവരുന്നു. ഇതിനുപുറമേ വർക്കലയിൽ ടൂറിസം വികസനം ലക്ഷ്യം വെച്ച് സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കെ.ടി. ഐ.എൽ - നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വർക്കല മണ്ഡലത്തിലെ ടൂറിസം വികസനത്തിനായി 2016-21 സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലുമായി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഇനി നടപ്പിലാക്കുവാനുള്ളത് ഏതെല്ലാമാണെന്നും ആയതിനായി എത്ര രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### നടപ്പിലാക്കിയ പദ്ധതികൾ

| നം. | പദ്ധതി | ഭരണാനുമതി തുക(₹) |
|---|---|---|
| 1. | CCTV ക്യാമറയുടെയും മറ്റും ഇൻസ്റ്റാളേഷൻ | 65,91,979/- |
| 2. | ബാരിയർ ഫ്രീ കേരള ടൂറിസം- കാപ്പിൽ | 6,09,000/- |
| 3. | വർക്കല-ശിവഗിരി റോഡിൽ പരമ്പരാഗത തെരുവുവിളക്കുകൾ സ്ഥാപിക്കൽ | 50,07,425/- |
| 4. | വർക്കല മൈതാനം മുതൽ ഗസ്റ്റ് ഹൗസ് വരെയുള്ള റോഡ് മോടിപിടിപ്പിക്കുന്ന പ്രവൃത്തികൾ | 93,80,000/- |
| 5. | വർക്കലയിലും കാപ്പിലും വിവിധ സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക | 40,64,698/- |
| 6. | വർക്കല സർക്കാർ അതിഥി മന്ദിരത്തിലേക്കുള്ള നിലവിലെ റോഡിന്റെ വശത്ത് സംരക്ഷണ ഭിത്തിയുടെ പുനർനിർമാണം | 17,14,890/ |
| 7. | വർക്കലയിൽ ക്ലിഫ് നു സമീപം പുതിയ ഫെൻസിങ് സ്ഥാപിച്ചത് | 28,14,925/- |
| 8. | വർക്കല പാപനാശം ബീച്ച് സൗന്ദര്യവൽക്കരിക്കുന്നതിനുള്ള വികസന പ്രവർത്തനങ്ങൾ | 99,88,444/ |
| 9. | വർക്കലയിലെ ശ്രീ ജനാർദ്ദന സ്വാമി ക്ഷേത്രത്തിന്റെയും അനുബന്ധ നിർമിതികളുടെയും തീർത്ഥക്കുളത്തിന്റെ നവീകരണം | 99,97,000/- |
| 10. | ടൂറിസം ഡെസ്റ്റിനേഷൻ ഡെവലപ്മെൻറ് വർക്കല പാപനാശം | 77,24,000/- |
| 11. | കാപ്പിൽ ബീച്ചിലും വർക്കല ബോട്ട് ക്ലബ്ബിലും നടന്ന വൈദ്യുതീകരണ പ്രവർത്തനങ്ങൾ | 30,00,000/- |
| 12. | വർക്കല ബീച്ച് ടെമ്പിൾ റോഡ്, ബലിമന്ദിരം, വർക്കല ഹെലിപാഡ്- വൈദ്യുതീകരണ പ്രവർത്തനങ്ങൾ | 29,04,000/- |

| | | |
|---|---|---|
| 13. | വർക്കല ബീച്ചിലെ ടോയ്‌ലറ്റ് ബ്ലോക്കോടുകൂടിയ ക്ലോക്ക് റൂം, സൈറ്റ് വികസനം, കോമ്പൗണ്ട് ഭിത്തി നിർമ്മാണം. | 32,08,000/- |

**നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| | പദ്ധതി | ഭരണാനുമതി തുക |
|---|---|---|
| 1. | വർക്കല ബീച്ചിൽ ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്ക് | 1,48,53,901/- |
| 2. | വർക്കല ഗസ്റ്റ് ഹൗസിൽ പുതിയ കോട്ടേജുകളുടെ നിർമ്മാണവും നിലവിലുള്ളവയുടെ നവീകരണവും | 9,96,50,000/- |

**ഇനി നടപ്പിലാക്കുവാനുള്ള പദ്ധതികൾ**

| ക്രമ നം. | പദ്ധതി | ഭരണാനുമതി തുക |
|---|---|---|
| 1. | വർക്കല പാപനാശം ബീച്ചിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക | 97,78,000/- |
| 2. | വർക്കല ഗസ്റ്റ് ഹൗസിന്റെ അറ്റകുറ്റപ്പണി | 45,47,200/- |
| 3. | വർക്കല ടൂറിസം കേന്ദ്രത്തിന്റെ മൊത്തത്തിലുള്ള ടൂറിസം വികസനം ലക്ഷ്യം വെച്ച് സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കെ. ടി. ഐ. എൽ - നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ തയ്യാറാകുന്ന മുറയ്ക്ക് വിവിധ ഘട്ടങ്ങളായി പദ്ധതികൾ നടപ്പാക്കാവുന്നതാണ്. | |

സെക്ഷൻ ഓഫീസർ